WEDNESDAY 06/11/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/11/2024

1. കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനും അതിന് അനുസൃതമായ കൃഷിരീതി അവലംബിച്ചു കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് സമർപ്പിച്ച കേരളാ ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ (കേര) പദ്ധതിയ്ക്ക് ലോകബാങ്ക് സഹായം ലഭിച്ചതായി കൃഷി മന്ത്രി പി. പ്രസാദ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഒക്ടോബർ 31ന് കൂടിയ ലോക ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ യോഗം സംസ്ഥാന കൃഷി വകുപ്പ് സമർപ്പിച്ച 2,365.5 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. ആദ്യ ഗഡുവായി 1,655.85 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ ആനുപാതിക സംസ്ഥാന വിഹിതം 709.65 കോടി രൂപയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ അടുത്ത 5 വർഷം കൊണ്ട് പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

2. തിരുവനന്തപുരം ജില്ലയിൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി നിലവിൽ ഒഴിവ് ഒഴിവു ഉള്ള നേമം, നെയ്യാറ്റിൻകര ബ്ലോക്കുകളിലും നവംബർ മാസാവസാനം ഒഴിവു വരുന്ന വർക്കല, പോത്തൻകോട്, പാറശ്ശാല, അതിയന്നൂർ, കിളിമാനൂർ, വെള്ളനാട് ബ്ലോക്കുകളിലും CMD മുഖേന നിയമനം നടത്തുന്നതുവരെയോ 89 ദിവസം കാലയളവിലേക്കോ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ വെറ്ററിനറി സർജന്മാരെ താൽകാലികാടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുന്നതിനായി 07/11/2024 (വ്യാഴാഴ്ച) രാവിലെ 10.30 നു തമ്പാനൂർ എസ്.എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് വാക്ക്-ഇൻ- ഇന്റർവ്യൂ നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ (KSVC) രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. ഇന്റർവ്യൂവിനു പങ്കെടുക്കുന്നവർ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പകർപ്പുകളും ഏതെങ്കിലുമൊരു തിരിച്ചറിയൽ രേഖയുമായി രാവിലെ 10.30 നു മുൻപ് ഹാജരാകേണ്ടതാണെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി 0471-2330736 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. എറണാകുളം ജില്ലയിലെ വൈറ്റില നെല്ലു ഗവേഷണ കേന്ദ്രത്തിൽ വിവിധ ഫലവൃക്ഷതൈകളായ ചാമ്പ, മാവ്, പ്ലാവ് എന്നിവയുടെയും പച്ചക്കറി തൈകളായ വഴുതന, ക്യാബേജ്, കോളിഫ്ളവർ, കറിവേപ്പ് എന്നിവയുടെയും കുറ്റിപ്പയർ, പാവൽ, പടവലം, വഴുതന, ചീര, മുളക്, വെള്ളരി, മത്തൻ, സാലഡ് വെള്ളരി, കുമ്പളം, ചുരക്ക എന്നിവയുടെ വിത്തുകളും സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബ്യൂവേറിയ എന്നീ ജൈവ നിയന്ത്രണോപാധികളും, പതിയൻ ശർക്കര എന്നറിയപ്പെടുന്ന മധ്യതിരുവിതാംകൂർ ശർക്കര, അയർ, സൂക്ഷ്മ മൂലകമിശ്രിതം എന്നിവയും മണ്ണ്, ജലം, സസ്യപരിശോധന സൗകര്യം എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

### പരിശീലന പരിപാടി

4. കണ്ണൂർ കക്കാട് റോഡിൽ ജില്ലാ ഹോമിയോ ആശുപത്രിക്കു സമീപം പ്രവർത്തിക്കുന്ന മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2024 നവംബർ 12 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ **എരുമ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലന ക്ലാസ് നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 11.11.2024-ന് വൈകുന്നേരം 04.00 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് മാത്രമേ ക്ലാസ്സിൽ പ്രവേശനമുണ്ടായിരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി 04972763473 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ഏക ദിന പരിശീലന പരിപാടി 07.11.2024 ന് നടത്തുന്നു. 500/- രൂപയാണ് ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഫീസ് സമയങ്ങളിൽ 9995766982 എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കോട്ടയം ജില്ലയിലെ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 നവംബർ 06, 07 തീയതികളിൽ കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ ക്ഷീരകർഷകർക്കായി 2 ദിവസത്തെ തീറ്റപ്പുൽക്കൃഷി സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2024 നവംബർ 06 ന് രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, അർഹമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന ഫോൺ നമ്പറിൽ വിളിക്കേണ്ടതാണ്.

7. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർ പാൽ കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; മാർക്കറ്റിങ് ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം നവംബർ 25 മുതൽ 29 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. പരിശീലന ഫീസ് 5900 രൂപ.( ജി എസ്ടി ഉൾപ്പെടെ)

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് **04812353201** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം